'ഭരണഭാഷ- മാതൃഭാഷ'

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 846 05.02.20[illegible] മറുപടിയ്ക്ക്

### ഇക്കോട്ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വനസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയും പ്രാധാന്യവും പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനും വനങ്ങളുടെ സൗന്ദര്യവും പ്രത്യേകതകളും അവർക്ക് അനുഭവവേദ്യമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പ്രധാന ഇക്കോട്ടൂറിസം പദ്ധതികൾ ഏതെല്ലാമാണ്; | (എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾ 60 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) വനത്തെ ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇക്കോട്ടൂറിസം പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) വനത്തെ ആശ്രയിച്ച് കഴിയുന്ന സമൂഹത്തിന്റെ ഉന്നമനത്തിനായിട്ടാണ് VSS/EDC- കൾ രൂപീകരിച്ചിട്ടുള്ളത്. ഇതിലെ അംഗങ്ങൾക്ക് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വിവിധ ജോലികൾ റൊട്ടേഷൻ വ്യവസ്ഥയിൽ ചെയ്യുന്നതിന് അവസരം നല്കുന്നുണ്ട്. കൂടാതെ, ടി കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം ടി വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച് വരുന്നുണ്ട്. |

| | |
|---|---|
| (സി) വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) പരിസ്ഥിതിയ്ക്ക് കോട്ടം വരുത്താതെ പ്രവർത്തിച്ചു വരുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത് വനവികസന ഏജൻസികളാണ്. ആയതിനായി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കാനും അവരുടെ നാനോന്മുഖമായ സാമൂഹ്യ വികസനത്തിനും അനുയോജ്യമായ പങ്കാളിത്ത വനപരിപാലന മാർഗ്ഗങ്ങളിലധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിച്ച് മേലധികാരികളുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നത് ഓരോ വനവികസന ഏജൻസികളുടെയും ചുമതലയാണ്. വനവികസന ഏജൻസികളുടെ കീഴിൽ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മറ്റി എന്നിവ രൂപീകരിക്കുന്നതിലും അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതികൾക്ക് അംഗീകാരം നല്കുന്നതും ഫണ്ട് അനുവദിക്കുന്നതും വനവികസന ഏജൻസികളാണ്. |

Jasmin

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോട്ടൂറിസം പദ്ധതികളുടെ ലിസ്റ്റ്**

| | | |
|---|---|---|
| തിരുവനന്തപുരം ജില്ല (6) | - | പൊൻമുടി, കല്ലാർ, മങ്കയം, കോട്ടൂർ, നെയ്യാർ, പേപ്പാറ |
| കൊല്ലം ജില്ല (4) | - | പാലരുവി, ശെന്തുരുണി, മണലാർ-കുംഭാവുരുട്ടി |
| പത്തനംതിട്ട ജില്ല (3) | - | കോന്നി ആനക്കൂട്, ഗവി, അടവി. |
| കോട്ടയം ജില്ല (2) | - | ചെല്ലാർകോവിൽ, കാൽവരിമൗണ്ട് |
| ഇടുക്കി ജില്ല (8) | - | പെരിയാർ ടൈഗർ റിസർവ്വ്, ചിന്നാർ, ഇരവികുളം, ഷോലാ നാഷണൽ പാർക്ക്, തൊമ്മൻകുത്ത്, വരിപ്പാറ, രാജീവ് ഗാന്ധി നേച്ചർ പാർക്ക്, ആനകൊട്ടപ്പാറ. |
| എറണാകുളം (4) | - | ഭൂതത്താൻകെട്ട്, കോടനാട്, പാണേലിപോര്, മുളങ്കുഴി |
| തൃശ്ശൂർ ജില്ല (3) | - | ആതിരപ്പിള്ളി, വാഴച്ചാൽ, ചിമ്മിണി |
| പാലക്കാട് ജില്ല (7) | - | ധോണി, മീൻവല്ലം, അനങ്ങൻമല, മിന്നാംപാറ, പറമ്പിക്കുളം, സൈലന്റ് വാലി, ശിരുവാണി |
| മലപ്പുറം (2) | - | ആഢ്യൻപാറ, നെടുങ്കയം |
| കോഴിക്കോട് ജില്ല (6) | - | ജാനകിക്കാട്, കക്കയം, പെരുവണ്ണാമൂഴി, തുഷാരഗിരി, കക്കാട് വനപർവ്വം |
| വയനാട് ജില്ല (10) | - | തോൽപ്പെട്ടി, മുത്തങ്ങ, പക്കം-കുറുവാ, തിരുനെല്ലി, ബാണാസുരമല, മീൻമുട്ടി, സൂചിപ്പാറ, ചെമ്പ്ര പീക്ക്, മുനീശ്വരൻ കുന്ന്, ചിറപ്പുല്ല്. |
| കണ്ണൂർ ജില്ല (4) | - | ബ്രഹ്മഗിരി, അളകാപുരി, പൈതൽമല, ആറളം |
| കാസർകോട് (1) | - | റാണിപുരം |

**സെക്ഷൻ ഓഫീസർ**